വിജയശ്രീ

# കുടുംബശ്രീ കുടുംബങ്ങൾക്കായി ഇ–നെസ്റ്റ്

കുടുംബശ്രീ എന്ന സംഘടനാ സംവിധാനത്തിന്റെ ഭാഗമായിരിക്കുന്ന കുടുംബങ്ങൾക്കെല്ലാം തുണയാകുന്നതിനായി തയാറാക്കിയിരിക്കുന്ന പദ്ധതിയാണ് ഇ-നെസ്റ്റ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ ഓരോരുത്തരുടെയും കുടുംബത്തിന്റെ സംപൂർണ്ണ വിവര ശേഖരണവും അതുവഴി ഓരോ കുടുംബത്തിന്റെയും സൂക്ഷ്മ തലത്തിലുള്ള ആവശ്യങ്ങൾ മനസ്സിലാക്കലും കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഈ ആവശ്യങ്ങൾക്ക് മുൻഗണന നൽകലുമാണ് ഇ-നെസ്റ്റ് പരിപാടിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അയൽക്കൂട്ടം മുതൽ സംസ്ഥാനതലംവരെയുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയ ശാസ്ത്രീയവും സമഗ്രവുമാക്കുകയാണ് ഈ പ്രവർത്തനം വഴി ലക്ഷ്യമിട്ടിരിക്കുന്നത്.

അയൽക്കൂട്ട അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിനായി സ്നേഹിത, അഗതികൾക്കായുള്ള ആശ്രയ, ഭിന്നശേഷിക്കാർക്കും ട്രാൻസ്ജെൻഡേഴ്സിനുമടക്കമുള്ളവർക്കായി പ്രത്യാശ സൂക്ഷ്മ സംരംഭ രൂപീകരണം...എന്നിങ്ങനെ നിരവധി പദ്ധതികൾ കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് പുറമേയാണ് ഇപ്പോൾ കുടുംബത്തിനാകെ ഗുണം ലഭിക്കുന്നതിനായി ഇ-നെസ്റ്റ് പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

## ഒത്തൊരുമയിലൂടെ രുചിപ്പെരുമയുമായി എ–വൺ

കോട്ടയം ജില്ലയിലെ മേലുകാവ്മറ്റം ടൗണിലെത്തുന്നവർക്ക് രുചികരമായ ഭക്ഷണവുമൊരുക്കി ശ്രദ്ധ നേടിയ ഒരു കുടുംബശ്രീ സംരംഭ സംഘമുണ്ട്.

എ-വൺ കുടുംബശ്രീ ഹോട്ടൽ. മേലുകാവ് പഞ്ചായത്ത് സിഡിഎസിനു കീഴിലുള്ള മൂന്ന് അയൽക്കൂട്ടങ്ങളിലെ അംഗങ്ങളായ ജലജ ഷാജു, പുഷ്പലത ബാബു, ലാലി മാത്യു എന്നിവർ ചേർന്നു നടത്തുന്ന ഈ ഹോട്ടലിൽ ഒരു തവണ എത്തുന്നവർ വീണ്ടും വീണ്ടുമെത്തും. കൈപ്പുണ്യവും കൂടാതെ കുടുംബശ്രീയുടെ വിശ്വാസ്യതയുമാണ് ഏവരേയും ഈ രുചിസങ്കേതത്തിലേക്ക് എത്തിക്കുന്നത്.

2015 ൽ സിഡിഎസ് ചെയർപഴ്സനായിരുന്ന മറിയാമ്മ ഫെർണാണ്ടസിന്റെ നിർദേശപ്രകാരം പങ്കെടുത്ത സംരംഭ പരിശീലനത്തിനിടെയാണ് വീട്ടമ്മമാരായിരുന്ന മൂവരും ആദ്യമായി ഒന്നു ചേരുന്നത്. 15 ദിവസം നീണ്ട പരിശീലനത്തിനു ശേഷം കുടുംബശ്രീ ജില്ലാ മിഷൻ നാഗമ്പടത്ത് സംഘടിപ്പിച്ച പായസമേളയിൽ പങ്കെടുത്ത് ഏറെ അഭിനന്ദനം ഏറ്റുവാങ്ങി. ഇതോടെ മൂവരും ഒരുമിച്ച് ഒരു സംരംഭം തുടങ്ങുകയെന്ന തീരുമാനത്തിലും എത്തി. അങ്ങനെ മേലുകാവ് പഞ്ചായത്ത് കെട്ടിടത്തിൽ കാന്റീനായാണ് എ-വണ്ണിന്റെ പിറവി.

1.90 ലക്ഷം രൂപ വായ്പയെടുത്താണ് സംരംഭത്തിന് തുടക്കമിട്ടത്. കുടുംബശ്രീ ജില്ലാ മിഷൻ ടെക്നോളജി ഫണ്ട് ഇനത്തിൽ 90,000 രൂപയും നൽകി.

ആളുകളുടെ തിരക്ക് ഏറിയതോടെ ഈ വർഷം ജൂണിൽ മേലുകാവ്മറ്റം ടൗണിൽ പൊലീസ് സ്റ്റേഷന് തൊട്ടടുത്തുള്ള വലിയൊരു വാടക കെട്ടിടത്തിലേക്കു മാറി. 50 പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ട് പുതിയ കെട്ടിടത്തിൽ. രാവിലെ ഏഴു മുതൽ



രാത്രി എട്ടു വരെയാണ് പ്രവർത്തന സമയം. സഹായത്തിനായി നാലു പേർ കൂടിയുണ്ട്. പുറത്തുനിന്നു ലഭിക്കുന്ന ഓർഡറുകളും ചെയ്ത് നൽകുന്നു. കൂടാതെ കുടുംബശ്രീ സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള ഭക്ഷ്യമേളകളിലും സ്ഥിരം സാന്നിധ്യമാണ് എ-വൺ. ബാങ്കിലേക്കുള്ള തിരിച്ചടവും സഹായികൾക്കുള്ള പ്രതിഫലവും കഴിഞ്ഞ് ഇവർക്കു മാസം ശരാശരി 15,000ത്തിലേറെ രൂപ സംരംഭത്തിൽനിന്ന് വരുമാനമായി ലഭിക്കുന്നുണ്ട് .അധ്വാനിക്കാനുള്ള മനസ്സുണ്ടെങ്കിൽ ഏതു വെല്ലുവിളിയും നേരിടാമെന്നും ജീവിതത്തിൽ വിജയിക്കാനാകുമെന്നും തെളിയിക്കുകയാണ് ഇവർ.

### കുടുംബശ്രീ ഇൻഫൊ

**ന്യായമായ വിലയ്ക്ക് ഇനി ഗുണനിലവാരമുള്ള കോഴിയിറച്ചി**

ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നതിനായി ആരംഭിച്ച കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും കുടുംബശ്രീയും തമ്മിൽ ധാരണയിലെത്തി. കോട്ടയം എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതാ സംരംഭകരുടെ കോഴി വളർത്തൽ യൂണിറ്റുകളിൽനിന്ന് കോഴികളെ വാങ്ങി ഇറച്ചിയാക്കി വിൽക്കുന്നതിനാണ് ധാരണ.

ഡിഡിയുജികെവൈ പംക്തി

## നിർമാണ രംഗത്തും ജോലി നേടാം

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു.

കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 126 ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 18 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്ക് പരിശീലനത്തിന്റെ ഭാഗമാകാം.

സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.

കൺസ്ട്രക്ഷനെന്ന മേഖലയ്ക്കു കീഴിൽ അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ, പ്ലംബർ, അസിസ്റ്റന്റ് പ്ലംബർ, മെയിന്റനൻസ് മെക്കാനിക്, ഗ്യാസ് വെൽഡർ തുടങ്ങിയ ഒട്ടേറെ അവസരങ്ങളുണ്ട്. പരിശീലനം പൂർത്തിയാക്കി ജോലി നേടുന്നവർക്ക് 10,000 രൂപയാണ് ശരാശരി ശമ്പളമായി ലഭിക്കുന്നത്.